ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ & ബി) 19-6-1996-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 16/95/സി. എ. ഡി. അനുസരിച്ച് നാടൻകലാ അക്കാദമി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അക്കാദമിയുടെ ഇപ്പോഴത്തെ ആസ്ഥാനം കണ്ണൂരാകുന്നു.

(സി) കേരളത്തിലെ നാടൻ കലകളുടെ പരിപോഷണവും സംരക്ഷണവുമാണ് അക്കാദമിയുടെ മുഖ്യ ഉദ്ദേശം.

പെൻഷൻ പദ്ധതി നിലവിലില്ലാത്ത സ്ഥാപനങ്ങൾ

12 (*369) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷൻ പദ്ധതി നിലവിലില്ലാത്ത ഇവിടത്തെ ജീവനക്കാർക്ക്കൂടി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് വേണ്ടി ഒരു പെൻഷൻ പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ടോ ;

(ഡി) 30-40 വർഷങ്ങളായി ജോലി ചെയ്തിട്ട് പെൻഷൻ ലഭിക്കാതെ പോകുന്ന ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ-ഡി) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന പെൻഷൻ പദ്ധതി നിലിവിലില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം

13 (*370) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച് നവീകരണപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly